ശ്രീ. എ. എ. റഹിം : 12 ലക്ഷത്തോളം ആളുകളെ പരിശോധിച്ച് കത്തിവച്ചിട്ടുണ്ടെന്നറിയുന്നു.

കണ്ണൂണ്ടി, കുരുമുളക് മുതലായവയുടെ കയറ്റുമതി കൗൺസിൽ.

* 675. [11] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂണ്ടി, കുരുമുളക് ഇവയുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ ഒരു കൗൺസിൽ കൊച്ചി കേന്ദ്രമാക്കി സ്ഥാപിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : അതിൽ എത്ര അംഗങ്ങളുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 25.

ശ്രീ. എൻ. ജി. ചാക്കോ : ഈ സംസ്ഥാനത്തുനിന്നു ആരെല്ലാമുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡസ്ട്രീസ് ഡയറക്ടർ രൂപംമാണ്. മറ്റാരാണെന്നു നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

യൂണിവേഴ്സിറ്റിയിലെ സ്റ്റാഫ് അംഗങ്ങളുടെ ടൈംസ്കെയിൽ.

* 676. [12] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റിയിലെ സ്റ്റാഫ് അംഗങ്ങൾക്ക് ടൈംസ്കെയിൽ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതിൽ ഗസറ്റഡ്, നോൺഗസറ്റഡ്, കണ്ടിൻജൻസി എന്നി ഇനങ്ങളിൽ എത്ര പേർ വീതമുണ്ട് ;

(സി) അതിൽ പട്ടികജാതിക്കാർ ഓരോഇനത്തിലും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ–ബി) ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(സി) ഗസറ്റഡ് ജീവനക്കാർ 227. നോൺഗസറ്റഡ് ജീവനക്കാർ 919. കണ്ടിജൻസിക്കാർ 410.

(ഡി) ഗസറ്റഡ് ജീവനക്കാർ ആരുമില്ല. നോൺ ഗസറ്റഡ് ജീവനക്കാർ 34. കണ്ടിൻജൻസിക്കാർ 68.

ശ്രീ. ടി. ടി കേശവൻ ശാസ്ത്രി : പട്ടികജാതിക്കാരുടെ ജാതിതിരിച്ചുള്ള കണക്കുണ്ടോ?

(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അതു നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly